# കേരള സ്കൂൾ ടീച്ചേഴ്സ് അസോസിയേഷൻ
# KSTA

**സംസ്ഥാനകമ്മിറ്റി, തൈക്കാട് - തിരുവനന്തപുരം 695014.**

**Ph: 0471-2324997,2327630 Fax: 0471-2324997. Web: www.kstakerala.in, E mail - ksta.state@gmail.com**


പ്രസിദ്ധീകരണത്തിന് ;
തിരുവനന്തപുരം, 11-08-2013

## സ്കൂളുകളിലെ പട്ടാളക്യാമ്പ് അവസാനിപ്പിക്കുക-
## ഇന്ന് അധ്യാപകരുടെ പ്രതിഷേധമാർച്ച്

അറിവിന്റെയും സംസ്കാരത്തിന്റെയും കേന്ദ്രങ്ങളായ തലസ്ഥാന നഗരിയിലെ സ്കൂളുകളെ ആയുധങ്ങളുടെയും ഭീതിയുടെയും കേന്ദ്രങ്ങളാക്കിമാറ്റിയ യു.ഡി.എഫ് സർക്കാരിന്റെ വികലമായ സമീപനത്തിനെതിരെ ഇന്ന് (ആഗസ്റ്റ് 12) സംസ്ഥാനവ്യാപകമായി ഉപജില്ലാകേന്ദ്രങ്ങളിലേക്ക് അധ്യാപകർ പ്രതിഷേധമാർച്ച് നടത്തും. ഇന്ത്യൻ പാർലമെന്റ് ഭരണഘടനാ ഭേദഗതിയിലൂടെ നിയമനിർമ്മാണം നടത്തി രാജ്യത്തെമ്പാടും നടപ്പിൽ വരുത്തിയ ദേശീയ വിദ്യാഭ്യാസ നിയമം അനുസരിച്ച് സ്കൂളുകൾ സൗജന്യവിദ്യാഭ്യാസത്തിനും വിദ്യാഭ്യാസ പരിപാടികൾക്കുമല്ലാതെ മറ്റു കാര്യങ്ങൾക്ക് നൽകാൻ പാടില്ല. ഈ നിയമം നിലനിൽക്കെയാണ് പോലീസ് പ്രധാന അധ്യാപകരിൽ നിന്നും താക്കോൽ ബലമായി പിടിച്ചുവാങ്ങിയിരിക്കുന്നത്. ഇവിടെ കുട്ടികളുടെ പഠിക്കാനുള്ള അവകാശമാണ് ഹനിച്ചിരിക്കുന്നത്. ഇത് ഭരണഘടനയുടെ ലംഘനമാണ്. ഇതിന് നേതൃത്വം നൽകിയവർക്കെതിരെ നിയമനടപടികൾ സ്വീകരിക്കണമെന്ന് കെ.എസ്.ടി.എ സംസ്ഥാന കമ്മിറ്റി ആവശ്യപ്പെട്ടു.

പട്ടാളക്യാമ്പ് അവസാനിപ്പിച്ചാലും അധ്യയനം ശരിയായി നടക്കണമെങ്കിൽ ദിവസങ്ങൾ വേിവരും. ഓണപരീക്ഷ അടിത്തിരിക്കുന്ന സന്ദർഭത്തിൽ കുട്ടികൾക്ക് പഠിക്കാനുള്ള അവസരം നൽകിയില്ലായെങ്കിൽ ശക്തമായ പ്രക്ഷോഭപരിപാടികൾ സംഘടിപ്പിക്കുമെന്ന് കെ.എസ്.ടി.എ സംസ്ഥാനകമ്മിറ്റി പ്രസ്താവനയിലൂടെ അറിയിച്ചു.

സർക്കാരിന്റെ ഇത്തരം നിലപാടിൽ പ്രതിഷേധിച്ചുകൊ് കെ.എസ്.ടി.എ യുടെ നേതൃത്വത്തിൽ അധ്യാപകർ ഇന്ന് (ആഗസ്റ്റ് 12) നടത്തുന്ന പ്രതിഷേധമാർച്ചിൽ എല്ലാഅധ്യാപകരും പങ്കെടുക്കണമെന്ന് പ്രസിഡന്റ് കെ.എൻ.സുകുമാരനും ജനറൽ സെക്രട്ടറി എം.ഷാജഹാനും അഭ്യർത്ഥിച്ചു.

**എം.ഷാജഹാൻ**
ജനറൽ സെക്രട്ടറി